ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:28.01.2025**

## പ്രധാനവാർത്തകൾ

1. **പൂർവഭാരതം വികസനത്തിന്റെ സിരാകേന്ദ്രമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**

2. **വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം ലക്ഷ്യമിട്ടുള്ള ആദ്യത്തെ രാജ്യാന്തര കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കം.**

3. **ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം. വിവിധ രാഷ്ട്രീയ പാർട്ടികളിലെ പ്രമുഖ നേതാക്കൾ പ്രചാരണ രംഗത്ത് സജീവം.**

4. **വയനാട് ജില്ലയിൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ തിരച്ചിൽ ഊർജ്ജിതമാക്കി. കേരളത്തിലെ വന്യജീവി ആക്രമണങ്ങൾ തികച്ചും ഗൗരവതരമായ വിഷയമെന്ന് പ്രതിപക്ഷ നേതാവ്.**

5. **38-ാ മത് ദേശീയ ഗെയിംസിന് ഇന്ന് ഡെറാഡൂണിൽ തുടക്കം. പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം നിർവ്വഹിക്കും. കേരളത്തിൽ നിന്ന് 400-ലേറെ താരങ്ങൾ മത്സര രംഗത്ത്.**

6. **സ്വന്തം വിവരങ്ങളുടെ നിയന്ത്രണം സ്വയം ഏറ്റെടുക്കുക എന്ന സന്ദേശവുമായി ഇന്ന് വിവരസ്വകാര്യതാ ദിനം.**

=========================================

RNU TVPM

**പ്രധാനമന്ത്രി-ഒഡീഷ**

പൂർവഭാരതം വികസനത്തിന്റെ സിരാകേന്ദ്രമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. രണ്ട് ദിവസത്തെ ഉത്കർഷ് ഒഡീഷ: മേക്ക് ഇൻ ഒഡീഷ കോൺക്ലേവ് ഭുവനേശ്വറിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. 20 വിദേശ രാജ്യങ്ങളിൽ നിന്നുൾപ്പെടെ 7,500-ലധികം പേർ  പരിപാടിയിൽ പങ്കെടുക്കും. കർഷകർക്കും തൊഴിലാളികൾക്കും വിപുലമായ അവസരങ്ങൾ സൃഷ്ടിക്കുന്നത് ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന കോൺക്ലേവിൽ നൂറിലധികം ധാരണാപത്രങ്ങൾ ഒപ്പുവെക്കും. ഒഡീഷയിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും രാജ്യത്തെ നിർമ്മാണ കേന്ദ്രമായി ഒഡീഷയെ മാറ്റാൻ ലക്ഷ്യമിട്ടുമാണ് ഉത്കർഷ്  ഒഡീഷ കോൺക്ലേവ് സംഘടിപ്പിച്ചിരിക്കുന്നത്. മുഖ്യമന്ത്രി മോഹൻ ചരൺ മാഞ്ചി, മറ്റ് മന്ത്രിമാർ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

==============================================

**പ്രധാനമന്ത്രി – ട്രംപ്**

പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി  ടെലിഫോൺ സംഭാഷണം നടത്തി. ചരിത്രപരമായ രണ്ടാം വിജയത്തിൽ ശ്രീ മോഡി ട്രംപിനെ അനുമോദിച്ചു.  ജനങ്ങളുടെ ക്ഷേമത്തിനും ആഗോള സമാധാനത്തിനും സമൃദ്ധിക്കും സുരക്ഷയ്ക്കും വേണ്ടി ഇരു രാജ്യങ്ങളും ഒരുമിച്ച് പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അമേരിക്കൻ സന്ദർശന പരിപാടിയെ പറ്റിയും നേതാക്കൾ ചർച്ച ചെയ്തതായി വൈറ്റ് ഹൗസ് പ്രസ്താവനയിൽ പറഞ്ഞു. ഈ വർഷാവസാനം ആദ്യമായി ക്വാഡ് നേതാക്കളുടെ ഉച്ചകോടിക്ക് ഇന്ത്യ ആതിഥേയത്വം വഹിക്കാനിരിക്കെ, യു.എസ്-ഇന്ത്യ തന്ത്രപരമായ പങ്കാളിത്തവും

PNU TVPM

ഇന്തോ-പസഫിക് ക്വാഡ് പങ്കാളിത്തവും മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള തങ്ങളുടെ പ്രതിബദ്ധത ഇരു നേതാക്കളും വീണ്ടും ചർച്ച ചെയ്തു.

=============================================

## എസ് ജയ്ശങ്കർ

ആഗോള ക്രമം പ്രകടമായ പരിവർത്തനത്തിന് വിധേയമായി ക്കൊണ്ടിരിക്കുന്ന കാലത്ത് ഇന്ത്യയും യു.എ.ഇ യും തമ്മിലുള്ള സഹകരണത്തിന് ഏറെ പ്രാധാന്യമുണ്ടെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രി  എസ് ജയ്ശങ്കർ പറഞ്ഞു. യു.എ.ഇയിലെ ഇന്ത്യൻ എംബസി സംഘടിപ്പിച്ച 76-ാമത് റിപ്പബ്ലിക് ദിനാഘോഷത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.
ഇരു രാജ്യങ്ങളും തമ്മിൽ അന്താരാഷ്ട്ര വിഷയങ്ങളിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിൽ ശ്രീ ജയ്ശങ്കർ ആത്മവിശ്വാസം പ്രകടിപ്പിച്ചു. ഇന്ന് അബുദാബിയിൽ ആരംഭിക്കുന്ന റെയ്സിന മിഡിൽ ഈസ്റ്റ്  സമ്മേളനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ കേന്ദ്ര വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ മുഖ്യപ്രഭാഷണം നടത്തും.

=============================================

## വിഴിഞ്ഞം കോൺക്ലേവ്- (ഇൻട്രോ)

വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം ലക്ഷ്യമിട്ടുള്ള  ആദ്യത്തെ രാജ്യാന്തര കോൺക്ലേവിന്  തിരുവനന്തപുരത്ത് തുടക്കമായി. മന്ത്രി കെ.എൻ ബാലഗോപാൽ  കോൺക്ലേവ് ഉദ്ഘാടനം ചെയ്തു. മന്ത്രി പി.രാജീവ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ  ശശി തരൂർ എം.പി, അദാനി പോർട്ട് സ്പെഷ്യൽ എക്കണോമിക് സോൺ സിഇഒ പ്രണവ് ചൗധരി തുടങ്ങിയവർ പങ്കെടുത്തു. നാളെ നടക്കുന്ന സമാപന ചടങ്ങിൽ മന്ത്രിമാരായ വി എൻ

RNU TVPM

വാസവനും പി രാജീവും കോൺക്ലേവിനെ വിലയിരുത്തി സംസാരിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**

**(വോയിസ്.............)**

==========================================

## ഡൽഹി തെരഞ്ഞെടുപ്പ്

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം. പ്രമുഖ നേതാക്കളെ പങ്കെടുപ്പിച്ച് റോഡ് ഷോകളിലൂടെയും പൊതുയോഗങ്ങളിലൂടെയും പരമാവധി വോട്ടുകൾ ഉറപ്പിക്കുന്നതിനുള്ള പരിശ്രമത്തിലാണ് വിവിധ രാഷ്ട്രീയ പാർട്ടികൾ. ബിജെപിയുടെ മുതിർന്ന നേതാവും കേന്ദ്ര ആഭ്യന്തരമന്ത്രിയുമായ അമിത് ഷാ ഇന്ന് രണ്ടിടങ്ങളിൽ റോഡ് ഷോകളിൽ പങ്കെടുക്കും. ആം ആദ്മി പാർട്ടി കൺവീനർ അരവിന്ദ് കേജ് രിവാൾ, പാർട്ടി മുതിർന്ന നേതാവും പഞ്ചാബ് മുഖ്യമന്ത്രിയുമായ ഭഗവന്ദ് മൻ എന്നിവർ ഇന്ന് വിവിധ പൊതുയോഗങ്ങളിൽ പങ്കെടുക്കും. കോൺഗ്രസ് നേതാക്കളായ രാഹുൽ ഗാന്ധി, സച്ചിൻ പൈലറ്റ് എന്നിവരും പ്രചാരണ രംഗത്ത് സജീവമാണ്. 70 അംഗ നിയമസഭയിലേക്കുള്ള വോട്ടെടുപ്പ് അടുത്തമാസം അഞ്ചിന് നടക്കും. എട്ടിനാണ് വോട്ടെണ്ണൽ.

==========================================

## വയനാട് ജനകീയ പരിശോധന - (ഇൻട്രോ)

വന്യമൃഗങ്ങളുടെ സാന്നിധ്യം കണ്ടെത്തിയ സാഹചര്യത്തിൽ വയനാട് ജില്ലയിൽ വനം വകുപ്പിന്റെ മൂന്ന് ഡിവിഷനുകളിലെ ആറ് റെയ്ഞ്ചുകളിലും വ്യാഴാഴ്ച വരെ ജനകീയ പരിശോധന നടത്തും. വനത്തിനുള്ളിലെ അടിക്കാടുകളും വനാതിർത്തിക്ക് പുറത്തുള്ള കാടുകളും നീക്കം ചെയ്യും.

PNU TVPM

**വിശദാംശങ്ങളുമായി ആകാശവാണി**
**വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസന്റ്...**
**(ഹോൾഡ് വോയ്സ്..........)**

====================================================

**വി.ഡി സതീശൻ**

കേരളത്തിലെ വന്യജീവി ആക്രമണങ്ങൾ ഗൗരവതരമായ വിഷയമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. കഴിഞ്ഞ 9 വർഷങ്ങളിലായി കേരളത്തിൽ **60,000-ത്തോളം** വന്യജീവി ആക്രമങ്ങൾ നടന്നുവെന്നും 1000 പേർ കൊല്ലപ്പെട്ടതായും അദ്ദേഹം പറഞ്ഞു. വയനാട് കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട രാധയുടെ വീട് സന്ദർശിച്ച ശേഷം മാധ്യമങ്ങളെ കാണുകയായിരുന്നു അദ്ദേഹം. വന്യജീവി അക്രമങ്ങൾ പ്രതിരോധിക്കാൻ പരമ്പരാഗതവും, ആധുനികവുമായ പല സംവിധാനങ്ങളും ഉണ്ടെങ്കിലും സംസ്ഥാന സർക്കാർ ഒരു നടപടിയും എടുത്തിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു,

RIJU TVPM

====================================================

**മുഖ്യമന്ത്രി – കോഴിക്കോട്**

മലയോര ഹൈവേയുടെ ഭാഗമായ കോഴിക്കോട് കോടഞ്ചേരി – കക്കാടം പൊയിൽ റീച്ച് ഫെബ്രുവരി 15 ന് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. മലയോര ഹൈവേ നിർമ്മാണത്തിലെ ഏറ്റവും ദൈർഘ്യമേറിയ റീച്ചാണ് ഇപ്പോൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യുന്നത്. കിഫ്ബി ധനസഹായത്തോടെ 195 കോടി രൂപ ചെലവഴിച്ചാണ് 34 കി.മി പ്രവൃത്തി പൂർത്തീകരിച്ചത്.

====================================================

## പ്രധാനമന്ത്രി -ദേശീയ ഗെയിംസ്

38-ാമത് ദേശീയ ഗെയിംസ് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉത്തരാഖണ്ഡിൽ ഉദ്ഘാടനം ചെയ്യും. ഡെറാഡൂണിലെ മഹാറാണ പ്രതാപ് സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര മന്ത്രിമാർ, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രതിനിധികൾ, ദേശീയ താരങ്ങൾ അടക്കമുള്ളവർ പങ്കെടുക്കും. ചടങ്ങിൽ പങ്കെടുക്കുന്നതിനായി ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് പി ടി ഉഷ ഇന്നലെ ഡെറാഡൂണിൽ എത്തിയിരുന്നു. എട്ട് ജില്ലകളിലെ 11 നഗരങ്ങളിൽ അടുത്ത മാസം 14 വരെയാണ് ദേശീയ ഗെയിംസ്. ബാസ്കറ്റ് ബോൾ, വോളിബോൾ, ബീച്ച് ഹാൻഡ്ബോൾ, ഖോ ഖോ തുടങ്ങി വിവിധ ഇനങ്ങളിൽ കേരളത്തിൽ നിന്നുള്ള താരങ്ങളും മത്സരത്തിനിറങ്ങും.

==========================================

## ക്രിക്കറ്റ്

ഇന്ത്യ- ഇംഗ്ലണ്ട് മൂന്നാം ടി-20 ക്രിക്കറ്റ് മത്സരം ഇന്ന് ഗുജറാത്തിലെ രാജ്കോട്ടിൽ നടക്കും. വൈകുന്നേരം 7 മണിയ്ക്കാണ് മത്സരം ആരംഭിക്കുന്നത്. അഞ്ച് മത്സരങ്ങളുടെ പരമ്പരയിൽ സൂര്യകുമാർ യാദവിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ ടീം രണ്ട് കളികൾ ജയിച്ച് മുന്നിട്ട് നിൽക്കുകയാണ്.

==========================================

## വിവര സ്വകാര്യതാ ദിനം – (ഇൻട്രോ)

ഇന്ന് വിവരസ്വകാര്യതാ ദിനം. വ്യക്തിഗത വിവരങ്ങൾ സുരക്ഷിതമാക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്താൻ ലക്ഷ്യമിട്ടാണ് വിവര സ്വകാര്യതാ ദിനം ആചരിക്കുന്നത്.

**വിശദാംശങ്ങളിലേക്ക്....................**

PNUTVPM

## (വോയിസ്.........)

ജനുവരി 28 ലോകമെമ്പാടും ഡാറ്റ പ്രൈവസി ഡേ അഥവാ വിവര സ്വകാര്യതാ ദിനമായി ആചരിക്കുന്നു. സ്വന്തം വിവരങ്ങളുടെ നിയന്ത്രണം സ്വയം ഏറ്റെടുക്കുകയെന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. ഓൺലൈൻ വഴി പങ്കുവയ്ക്കുന്ന വിവരങ്ങൾ സംബന്ധിച്ച് കരുതൽ ഉണ്ടായിരിക്കുക, സ്വകാര്യതയുടെ ഒരു സംസ്കാരം സൃഷ്ടിക്കുക, അവരവരുടെ സ്വകാര്യതയുടെ ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുക തുടങ്ങിയവയും ദിനാചരണത്തിന്റെ ലക്ഷ്യങ്ങളാണ്.
സ്വകാര്യ വിവരങ്ങൾ പരിശോധിക്കാൻ പാടില്ലാത്തവരിൽ നിന്ന് സംരക്ഷിക്കുന്നതിനും, അത്തരം വിവരങ്ങൾ ആർക്കൊക്കെ നൽകാനാകുമെന്ന് നിർണ്ണയിക്കാനുമുള്ള വ്യക്തികളുടെ സ്വാതന്ത്ര്യമാണ് ഡാറ്റ സ്വകാര്യത. വിവരസ്വകാര്യത സംരക്ഷിക്കുന്നതിനായി നിരവധി നടപടികളാണ് സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നത്.
ന്യൂസ് ഡെസ്ക്, ആകാശവാണി....

RNI TVPM

==========================================

### പ്രിയങ്ക ഗാന്ധി-വയനാട്

പ്രിയങ്കാ ഗാന്ധി എം പി വയനാട്ടിൽ എത്തി. കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട മാനന്തവാടി പഞ്ചാരക്കൊല്ലിയിലെ രാധയുടെ വീട് സന്ദർശിച്ചു. അന്തരിച്ച ഡി.സി.സി. ട്രഷറർ NM വിജയന്റെ കുടുംബാംഗങ്ങളെയും ശ്രീമതി പ്രിയങ്ക സന്ദർശിക്കും. കൽപ്പറ്റയിൽ കളക്ടറേറ്റിൽ നടക്കുന്ന ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിൽ പങ്കെടുക്കും. തുടർന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ നയിക്കുന്ന യു.ഡി. എഫ് മലയോര ജാഥയിൽ മേപ്പാടിയിൽ നടക്കുന്ന പൊതുയോഗത്തിൽ പങ്കെടുക്കുന്ന ശ്രീമതി പ്രിയങ്ക തിരികെ ഡൽഹിക്ക് പോവും.

==========================================

**പാലക്കാട് കൊലപാതകം**

പാലക്കാട് നെന്മാറയിൽ അയൽവാസികളായ അമ്മയെയും മകനെയും കൊലപ്പെടുത്തിയ കേസിലെ പ്രതി ചെന്താ മരക്ക് വേണ്ടിയുള്ള തിരച്ചിൽ തുടരുന്നു. ഇയാൾ ഒളിച്ചിരിക്കാൻ സാധ്യതയുള്ള അറക്കമല, പട്ടിമല എന്നിവിടങ്ങളിലാണ് പോലീസ് തിരച്ചിൽ നടത്തുന്നത്. ഇന്നലെയാണ് കൊലക്കേസിൽ ജാമ്യത്തിലിറങ്ങിയ പ്രതി അയൽവാസികളായ സുധാകരൻ അമ്മ ലക്ഷ്മി എന്നിവരെ കൊലപ്പെടുത്തിയത്. 2019 ൽ സുധാകരന്റെ ഭാര്യ സജിതയെ കൊലപ്പെടുത്തിയ കേസിലെ പ്രതിയാണ് ചെന്താമര.

==========================================

**ഓഹരി+ സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 730 പോയിൻറ് നേട്ടത്തിൽ 76,096-ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 174 പോയിൻറ് നേട്ടത്തിൽ 23,002-ലും വ്യാപാരം തുടരുന്നു. സ്വർണ വില പവന് **240** രൂപ കുറഞ്ഞ് **60,080** രൂപയും ഗ്രാമിന് **30** രൂപ കുറഞ്ഞ് **7,510** രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

==========================================

**അന്തരിച്ചു - ദേവദത്തൻ**

തിരുവനന്തപുരം പ്രസ് ക്ലബ്ബ് അംഗം ദേവദത്തൻ അന്തരിച്ചു. വാഹനാപകടത്തെ തുടർന്ന് മെഡിക്കൽകോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. പ്രസ് ക്ലബ്ബിൽ പൊതുദർശനത്തിന് ശേഷം സംസ്കാരം ഇന്ന് ശാന്തികവാടത്തിൽ നടക്കും.

==========================================

## കെ. ഓമനക്കുട്ടി

പത്മശ്രീ ലഭിച്ച പ്രമുഖ സംഗീതജ്ഞ ഡോ. കെ. ഓമനക്കുട്ടിയെ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരത്ത് ആദരിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം. സത്യൻ പൊന്നാടയണിച്ചു. സർക്കാർ വനിത കോളെജ് സംഗീത വിഭാഗത്തിന് വേണ്ടി മേധാവി ഡോ. ധനലക്ഷ്മി സി ഉപഹാരം നൽകി.

=====================

=============================

=============================================

RNU TVPM